**കേരളസർക്കാർ**

**ധനകാര്യ (ഭരണം - സി)വകുപ്പ്**

നം. 81/ഭരണം.സി 3/2018/ധന                    തിരുവനന്തപുരം, തീയതി : 31.08.2018.

## പരിപത്രം

വിഷയം :- പതിനാലാം കേരള നിയമസഭ - സ്പീക്കറുടെ 25.06.2018 ലെ റൂളിംഗ് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതു -സംബന്ധിച്ച്.

സൂചന :- കത്ത് നം. പാ.കാ.വ ബി2/164/2018 തീയതി 07.07.2018.

ഭരണഘടന സ്ഥാപനമായ നിയമസഭയുടെയും അതിന്റെ അദ്ധ്യക്ഷനായ നിയമസഭാ സ്പീക്കറുടെയും അധികാരാവകാശങ്ങളെ ചോദ്യം ചെയ്യുന്ന തരത്തിൽ ധനകാര്യ വകുപ്പിന്റെ ഭാഗത്തു നിന്നും ഉണ്ടായ നടപടിയെ സംബന്ധിച്ച് ചട്ടം 303 പ്രകാരം ശ്രീ വി.ഡി.സതീശൻ ഉന്നയിച്ച ക്രമപ്രശ്നത്തിൻമേൽ ബഹു. സ്പീക്കർ 2018 ജൂൺ 25 തീയതിയിൽ നടത്തിയ റൂളിംഗിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് ധനകാര്യ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും നിർദ്ദേശം നൽകുന്നു.

1. നിയമസഭ സെക്രട്ടേറിയറ്റുമായി ബന്ധപ്പെട്ട ഫയലുകൾ പ്രിൻസിപ്പൽ സെക്രട്ടറി/ അഡീഷണൽ ചീഫ് സെക്രട്ടറി/ധനകാര്യ മന്ത്രി വരെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

2. നിയമസഭ സെക്രട്ടറിയ്ക്ക് അയയ്ക്കുന്ന കത്തിന്റെ കരട് പ്രിൻസിപ്പൽ സെക്രട്ടറി തലത്തിൽ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

3. ഫിസിക്കൽ ഫയലുകളിൽ സെക്ഷൻ ഓഫീസറിനു മുകളിലുള്ള ഉദ്യോഗസ്ഥർ അഭിപ്രായം രേഖപ്പെടുത്തി ഒപ്പുവച്ച ശേഷം പേരും ഔദ്യോഗിക പദവിയും രേഖപ്പെടുത്തിയ സീൽ പതിക്കേണ്ടതാണ്.

**ഷർമിള മേരി ജോസഫ്**
**ധനകാര്യ (വ്യയം) സെക്രട്ടറി**

ധനകാര്യവകുപ്പിലെ അഡീഷണൽ സെക്രട്ടറി / ജോയിന്റ് സെക്രട്ടറി/
ഡെപ്യൂട്ടി സെക്രട്ടറി / അണ്ടർ സെക്രട്ടറി എന്നിവർക്കും
ധനകാര്യ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.
നോഡൽ ഓഫീസർ, www.finance.kerala.gov.in.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ